പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :4232

12. 11. 2019 ൽ മറുപടിക്ക്

# കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ് കമ്പനിയുടെ ബാധ്യത

ചോദ്യം

ശ്രീ.രാജു എബ്രഹാം

ഉത്തരം

എം.എം.മണി

(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ)കേരള സംസ്ഥാന വൈദ്യുതി ബോർഡ് എന്നുമുതലാണ് ലിമിറ്റഡ് കമ്പനി ആക്കി മാറ്റിയത്; പുതുതായി രൂപീകരിച്ച ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് കമ്പനിയുടെ ബാധ്യത എത്രയായിരുന്നു; ഇപ്പോൾ ബാധ്യത എത്രയാണ്; വ്യക്തമാക്കാമോ; | (എ) 1956-ലെ കമ്പനി നിയമത്തിൻ കീഴിൽ "കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്" എന്ന കമ്പനി 14.01.2011-ൽ രജിസ്റ്റർ ചെയ്തു. 31.10.2013-ലെ കേരള സർക്കാർ ഗസറ്റ് വിജ്ഞാപനം (ഉത്തരവ് നം. 46/2013/ഊ.വ) തീയതിയായ 31.10.2013-ൽ പൂർണ്ണ അർത്ഥത്തിൽ കമ്പനിയായി രൂപപ്പെട്ടു.<br>01.11.2013-ൽ കേരളാസ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് കമ്പനിയുടെ ബാധ്യത 5470.95 കോടി രൂപ ആയിരുന്നു. ഇത് ദീർഘകാല വായ്പയും, ഹ്രസ്വകാല വായ്പയും, ഓവർ ഡ്രാഫ്റ്റും ചേർന്നതാണ്. 31.03.2019-ൽ കടബാധ്യത 7792.55 കോടി രൂപയാണ്. |
| (ബി)ബാധ്യത കുറയ്ക്കുന്നതിനായി എന്തൊക്കെ നടപടികളാണ് ഇതേവരെ സ്വീകരിച്ചിരിക്കുന്നത്; വൈദ്യുതി ചാർജ്ജ് ഇനത്തിൽ വർധന വരുത്താൻ ഇപ്പോൾ കമ്പനി തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് ബാധ്യത കുറയ്ക്കുന്നതിനായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>(i) മുൻകാലങ്ങളിലെന്നപോലെ ഉയർന്ന നിരക്കിലുള്ള വായ്പകൾ തിരിച്ചടച്ച് കുറഞ്ഞ പലിശയുള്ള വായ്പകളായി മാറ്റുന്നുണ്ട്.<br>(ii) മിതമായ നിരക്കിൽ ഹ്രസ്വ-ദീർഘകാലാടിസ്ഥാനത്തിലുള്ള കരാറുകൾ വഴി വൈദ്യുതിലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും പ്രവർത്തനമികവ് മെച്ചപ്പെടുത്തുകയും ചെയ്യുന്നതിലൂടെ ബോർഡിന്റെ ബാധ്യതകൾ കുറവുവരുത്തുവാൻ ശ്രമിക്കുന്നുണ്ട്.<br>(iii) ചെലവുകൾ നിയന്ത്രിക്കുന്നതിന്റെ ഭാഗമായി ബഡ്ജറ്ററി കൺട്രോൾ കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കി.<br>(iv) കേന്ദ്രസർക്കാർ പ്രഖ്യാപിച്ച 'ഉദയ്' പദ്ധതിയുടെ പ്രവർത്തന മികവ് വർദ്ധിപ്പിക്കുന്ന ഭാഗത്തിൽ പങ്കാളിയായതിലൂടെ AT & C Loss- ഉം നഷ്ടവും കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്.<br>(v) വൈദ്യുതി ചാർജ്ജിനത്തിൽ ബോർഡിനു കിട്ടാനുള്ള കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കി വരുന്നുണ്ട്.<br>(vi) DDUGJY, IPDS പദ്ധതികൾക്കായുള്ള കേന്ദ്രസർക്കാരിന്റെ ഗ്രാന്റ് ലഭിക്കുന്നതുവരെ സ്വന്തം ഫണ്ട് ഉപയോഗിച്ച് പ്രസ്തുത |

| | |
|---|---|
| | പദ്ധതികൾ നടപ്പിലാക്കാൻ തീരുമാനിച്ചതുനിമിത്തം പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിയുന്നതിലൂടെ ഗ്രാന്റ് ഭാഗം ലോണായി മാറ്റപ്പെടുന്നതിനുള്ള സാധ്യത ഒഴിവാക്കപ്പെടുന്നതാണ്.<br>കെ.എസ്.ഇ.ബോർഡ് ലിമിറ്റഡിൽ അനുവർത്തിച്ചു വരുന്ന അക്കൗണ്ടിംഗ് സമ്പ്രദായമനുസരിച്ച് കമ്പനിയുടെ ബാധ്യതയും നിരക്ക വർദ്ധനയും തമ്മിൽ ബന്ധമില്ല.<br>നിലവിൽ വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിക്കുവാനുള്ള നിർദ്ദേശങ്ങൾ ഒന്നും തന്നെ സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ മുമ്പാകെ സമർപ്പിച്ചിട്ടില്ല. എന്നാൽ സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ 08.07.2019-ൽ പുറപ്പെടുവിച്ച താരിഫ് ഉത്തരവ് പ്രകാരം, വിവിധ വിഭാഗം ഉപഭോക്താക്കളുടെ താരിഫ് 08.07.2019 മുതൽ പരിഷ്കരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ